"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - മ്യൂസിയം-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡ് വികസനം - എൽ.എ.ആർ.562/08-മേലുള്ള ബാലൻസ് വിധിക്കടത്തുക കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1525/2025/LSGD തീയതി,തിരുവനന്തപുരം, 20-06-2025

പരാമർശം:-

1. സ.ഉ.(സാധാ)നം.1004/2025/തസ്വഭവ തീയതി 22.04.2025
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05.05.2025 തീയതിയിലെ എ3/223/2025/ടിഡ നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.4846/2025/ധന തീയതി 31.05.2025

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡ് വികസനത്തിനായി ശ്രീ.വേലായുധൻ പിള്ള (Late) & അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.28 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.562/08 നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 1,65,357/- രൂപ കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം പുതുക്കിയ ഭരണാനുമതി ഉത്തരവായിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ടിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തു.

2) മേൽ പരാമർശിത ബാലൻസ് വിധിക്കടത്തുക എൽ.എ.ആർ. 562/08 നമ്പർ കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന്, 4217-60-800-93-payment of compensation in LAR cases (Plan- charged) എന്ന ശീർഷകത്തിൽ 1,66,000/- രൂപ പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റേയും അധിക ധനാനുമതിയുടേയും അടിസ്ഥാനത്തിൽ, മ്യൂസിയം-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡ് വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 562/08 കേസിലെ ബാലൻസ് തുകയായ 1,65,357/- രൂപ (ഒരു ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി അൻപത്തിയേഴ് രൂപാ മാത്രം) 4217-60-800-93-payment of compensation in LAR cases (Plan- charged) എന്ന ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച 1,66,000/- രൂപയിൽ നിന്നും കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കുന്നതിന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
എൽ.എ.ആർ.562/08-ലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/30/2025-ധന(3036663), dated 08.06.2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 20-06-2025 15:59:03